104

3318

KUDUMBASHREE
MISSION

D O (CMD)
PO (IT)
26/7/05

നം. (സി.എസ്)എ4-32743/03. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം,
തീയതി : 23-7-2005

സർക്കുലർ നം. 2/2005.

വിഷയം:- അന്ത്യോദയ - അന്നയോജന - ആശ്രയ പദ്ധതിയിലെ കുടുംബങ്ങളെ ഉൾപ്പെടുത്തി റേഷൻകാർഡ് നൽകുന്നത് സംബന്ധിച്ച്.

സൂചന :-

സംസ്ഥാനത്ത് ആശ്രയ പദ്ധതിയുടെ കീഴിലുള്ള ~~xxx,xx~~ 24,830 കുടുംബങ്ങളിൽ റേഷൻകാർഡില്ലാത്തവരും എ.പി.എൽ/ബി.പി.എൽ വിഭാഗത്തിൽപ്പെടുത്തി കാർഡ് ലഭിച്ചവരും ഉണ്ട്. ആശ്രയ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് 22-7-05 ന് ആസൂത്രണ ബോർഡിൽ മെമ്പർ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ എല്ലാ ആശ്രയ കുടുംബങ്ങളെയും എ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കണമെന്ന് തീരുമാനിച്ചു. അതനുസരിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ആശ്രയപദ്ധതിയുടെ കീഴിലുള്ള കുടുംബങ്ങളുടെ ലിസ്റ്റ് 10 ദിവസത്തിനുള്ളിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

2) ജില്ലാ സപ്ലൈ ഓഫീസർമാർ റേഷൻ കാർഡ് ഇല്ലാത്തവരെ ബി.പി.എൽ. ൽ ഉൾപ്പെടുത്തി എത്രയുംവേഗം എ.എ.വൈ. കാർഡ് നല്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. എ.പി.എൽ./ബി.പി.എൽ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളവരെയും എ.എ.വൈ.യിലേക്ക് മാറ്റി ഉൾപ്പെടുത്തി റേഷൻ കാർഡ് നൽകേണ്ടതാണ്.

3) മേൽപറഞ്ഞ പ്രകാരം ആശ്രയകുടുംബങ്ങളെ എ.എ.വൈ.യിൽ ഉൾപ്പെടുത്തുന്നത് ജില്ലാ കളക്ടർമാരുടെ അംഗീകാരത്തോടെ ആയിരിക്കണം.

31-8-05 നു മുമ്പ് മേൽപറഞ്ഞ പ്രകാരം ആശ്രയ കുടുംബങ്ങൾക്ക് റേഷൻകാർഡ് നല്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

സിവിൽ സപ്ലൈസ് കമ്മീഷണർക്കുവേണ്ടി

ജില്ലാ കളക്ടർമാർ,
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ. TVPM
മെമ്പർ സെക്രട്ടറി, ആസൂത്രണ ബോർഡ് (കവറിംഗ് ലെറ്ററിൽ)
പഞ്ചായത്ത് ഡയറക്ടർ,
ജില്ലാ സപ്ലൈ ഓഫീസർമാർ,
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ, കുടുംബശ്രീ.
വി/ 23-7